"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. മുരളീധരൻ പുന്നക്കുഴി സമർപ്പിച്ച അപ്പീൽ - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.(ഇകെഎം) നം.834/2020-മേലുള്ള 08.07.2020-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2086/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/11/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 18.06.2020 ലെ PAN/8162/20 D4(DP) നമ്പർ നടപടിക്രമങ്ങൾ

2 ശ്രീ. മുരളീധരൻ പുന്നക്കുഴി 20.06.2020 തീയതിയായി സമർപ്പിച്ച അപ്പീൽ അപേക്ഷ (**അനക്ഷർ എ6**)

3 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.(ഇകെഎം) നം.834/2020-മേലുള്ള 08.07.2020-ലെ വിധിന്യായം

4 പഞ്ചായത്ത് ഡയറക്ടറുടെ17.09.2020 ലെ PAN/8162/2020-D4(DP) നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്ത് അസ്സിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. മുരളീധരൻ പുന്നക്കുഴി സമൂഹ മാധ്യമങ്ങളിലൂടെ സർക്കാരിനെയും ബഹു. മുഖ്യമന്ത്രിയെയും അവഹേളിക്കുന്നു എന്ന് ശ്രീ. ആലംകോട് കുഞ്ഞിപ്പോക്കർ സമർപ്പിച്ച പരാതിയിന്മേലുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) ലെ നടപടിക്രമങ്ങൾ പ്രകാരം ശ്രീ. മുരളീധരൻ പുന്നക്കുഴിയെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിരുന്നു. ടി സസ്പെൻഷൻ ഉത്തരവിനെതിരെ പരാമർശം (2) പ്രകാരം ടിയാൻ സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയും ആയത് പരിശോധിച്ചുവരുന്നതിനിടെ സസ്പെൻഷനെതിരേ ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒ.എ.(ഇകെഎം) 834/2020 ഫയൽ ചെയ്യുകയും അതിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്തുത വിധിന്യായം കൈപ്പറ്റി 2 മാസത്തിനകം പരാതിക്കാരൻ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോവിഡ് 19 മഹാമാരിയുടെ പശ്ചാതലത്തിൽ ശ്രീ. മുരളീധരൻ പുന്നക്കുഴിയെ ഫോണിലൂടെ കേൾക്കുകയുണ്ടായി. ശ്രീ. മുരളീധരൻ പുന്നക്കുഴി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ചുവടെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്.

24.12.2019-നാണ് കുറുവ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായി ടിയാന് സ്ഥലംമാറ്റം ലഭിച്ചതെന്നും 25.05.2020 മുതൽ 15.06.2020 വരെയുള്ള ദിവസങ്ങളിൽ താൻ കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ ചുമതല വഹിച്ചിരുന്നുവെന്നും തനിക്കെതിരെയുണ്ടായ നടപടികൾ വ്യക്തിവിദ്വേഷം മൂലം സംഭവിച്ചതാണെന്ന് കരുതുന്നുവെന്നും

കുറുവ ഗ്രാമപഞ്ചായത്തിൽ ചുമതലയേറ്റെടുത്തതു മുതൽ ഗ്രാമപഞ്ചായത്തിലെ കാര്യങ്ങൾ പ്രസിഡന്റിന്റേയും സെക്രട്ടറിയുടേയും മറ്റും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നിർവ്വഹിക്കുന്നതിന് താൻ ശ്രദ്ധിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിലും പരമാവധി കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നും ആയതിന് നിരവധി യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ടെന്നും കൂടാതെ മാർച്ച് മാസത്തിൽ രാജ്യമാകെ ഭീഷണിയുയർത്തിയ കോവിഡ് 19 മഹാവ്യാധിക്കെതിരെ പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാൻ കൂട്ടായ ശ്രമങ്ങൾ ആരംഭിച്ചുവെന്നും ഇതിനുവേണ്ടി പ്രോട്ടോകോൾ പാലിച്ചുകൊണ്ട് നിരവധി യോഗങ്ങൾ ഗ്രാമപഞ്ചായത്തിൽ ചേർന്നിട്ടുണ്ടെന്നും ആരോഗ്യപ്രവർത്തകരും ആശാപ്രവർത്തകരും, ജനപ്രതിനിധികളും, പൊതുപ്രവർത്തകരും, കുടുംബശ്രീ പ്രവർത്തകരും സന്നദ്ധപ്രവർത്തകരും, വിവിധ വകുപ്പുകൾ അടങ്ങുന്ന ഗ്രാമപഞ്ചായത്ത് ജീവനക്കാരും ഒരുമിച്ച് 13.03.2020-ൽ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ ഹാളിൽ ചേർന്ന യോഗം രോഗം മഹാമാരിയായി പ്രഖ്യാപിച്ചതിന് തൊട്ടുപിന്നാലെയായിരുന്നുവെന്നും ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ മുക്കിലും മൂലയിലും പ്രതിരോധ പ്രവർത്തനങ്ങളുടെ സന്ദേശം നേരിട്ടെത്തിക്കാൻ സാധിച്ചുവെന്നും അസിസ്റ്റന്റ് സെക്രട്ടറി എന്ന നിലയിൽ കുടുംബശ്രീയുടെ സഹായത്തോടെയാണ് ഈ യോഗം വിളിച്ചു ചേർത്തതെന്നും തുടർന്ന് 19.03.2020, 26.03.2020, 30.03.2020, 04.04.2020, 08.04.2020, 30.04.2020, 02.05.2020, 07.05.2020, 08.05.2020, 14.05.2020, 29.05.2020, 06.06.2020, 11.06.2020, 13.06.2020, 17.06.2020 തുടങ്ങിയ തീയതികളിലും പ്രോട്ടോകോൾ പാലിച്ചുകൊണ്ട് യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നും കടുത്ത ലോക്ക് ഡൗൺ നിയന്ത്രണങ്ങൾക്കിടയിലും കൊറോണ നിർവ്യാപനപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ആരോഗ്യപ്രവർത്തകർക്കും, സന്നദ്ധപ്രവർത്തകർക്കും പോലീസിനും, ജനപ്രതിനിധികൾക്കും ഒപ്പം ചേർന്ന് സ്വന്തം ബൈക്കിൽ യാത്ര ചെയ്ത് ഓഫീസിൽ ഹാജരാവുകയും, ചുമതലകൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ടെന്നും കൂടാതെ 21.03.2020, 28.05.2020, 30.05.2020 തീയതികളിൽ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിലും കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കും ക്വാറന്റൈൻ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുമായി യാത്ര ചെയ്തിട്ടുണ്ടെന്നും അല്ലാതെ പഞ്ചായത്തിന്റെ കോവിഡ്19 പ്രതിരോധ പ്രവർത്തനങ്ങൾ അട്ടിമറിക്കുന്ന യാതൊരു പ്രവർത്തിയും ടിയാൻ ചെയ്തിട്ടില്ലായെന്നും ഇന്നുവരെയും ഒരു രാഷ്ട്രീയ പാർട്ടിയിലും അംഗമായിട്ടില്ലെന്നും സർക്കാർ ജീവനത്തിൽ വരുന്നതിനു മുൻപും ആയിട്ടില്ലെന്നും അതുകൊണ്ട് തന്നെ ഒരു രാഷ്ട്രീയ പാർട്ടിയുടെയും പ്രവർത്തകനാകാൻ തനിക്ക് കഴിയില്ലെന്നും സാമൂഹ്യ മാധ്യമങ്ങൾ മൊബൈൽ ഫോണിൽ കൈകാര്യം ചെയ്യുന്നതിന് വൈദഗ്ധ്യം ഇല്ലാത്ത തനിക്ക് ടൈംലൈനിൽ വന്ന ചില പോസ്റ്റുകൾ ഷെയർ ചെയ്തെന്ന ആരോപണം പരിചയക്കുറവ് മൂലം സംഭവിച്ചതാണെന്നും ആർക്കെതിരെയും ഒരു പോസ്റ്റുപോലും താൻ സ്വയം നിർമ്മിച്ചിട്ടില്ലെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. ആവശ്യത്തിന് മുൻപരിചയമില്ലാതെ സാമൂഹ്യ മാധ്യമങ്ങൾ കൈകാര്യം ചെയ്തപ്പോൾ സംഭവിച്ച തെറ്റുകൾ തിരുത്തി മുന്നോട്ട് പോകുന്നതിന് അവസരം നൽകണമെന്നും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കില്ലെന്നും തെറ്റായി സംഭവിച്ച കാര്യങ്ങൾക്ക് മാപ്പ് നൽകണമെന്നും ടിയാൻ അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ. മുരളീധരൻ പുന്നക്കുഴി സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സമർപ്പിച്ച അഭിപ്രായ റിപ്പോർട്ടിൽ മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ ജോലിനോക്കി വരവേ ശ്രീ.മുരളീധരൻ പുന്നക്കുഴി ടിയാന്റെ ഫേസ് ബുക്ക് ഐഡിയായ http//www.facebook.com/murali.punnakuzhi-ലൂടെ നിരന്തരം മുഖ്യമന്ത്രിക്കെതിരെയും കേരള സർക്കാരിനെതിരെയുമുള്ള പോസ്റ്റുകൾ ഷെയർ ചെയ്തു പ്രചരിപ്പിച്ചു വന്നതായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെന്നും ടിയാന്റെ പ്രസ്തുത പ്രവർത്തി സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം 1960 ലെ ചട്ടങ്ങൾ 60 (എ) 60 (ബി) എന്നിവയുടെയും സർക്കാരിന്റെ 31.07.2017-ലെ 78/ഉ.ഭ.പ.സി2/2017/ഉഭപവ നമ്പർ സർക്കുലറിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ 26.09.2017-ലെ ഡി5-

33147/17 ആയുള്ള സർക്കുലറിന്റെയും ലംഘനമാണ് എന്നും ആയതിനാൽ ടിയാനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയുണ്ടായിയെന്നും കൂടാതെ ശ്രീ. മുരളീധരൻ പുന്നക്കുഴി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ തന്നെ സസ്പെന്റ് ചെയ്യുന്നതിന് മുൻപ് കാരണം കാണിക്കൽ നോട്ടീസ് നല്കിയിട്ടില്ലായെന്ന വാദം പരിഗണിക്കാവുന്നതല്ലായെന്നും 1960-ലെ കെ.സി.എസ് ചട്ടങ്ങളിലെ ചട്ടം 10 (1) ൽ സസ്പെൻഷൻ സംബന്ധിച്ച് നിർവ്വചിച്ചിരിക്കുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു സർക്കാർ ജീവനക്കാരനായ അപ്പീൽ ഹർജിക്കാരൻ ഒരു പ്രത്യക രാഷ്ട്രീയ പാർട്ടിയുടെ വക്താവായി പ്രവർത്തിക്കുകയും സർക്കാരിന്റെ കോവിഡ് 1 9 പ്രതിരോധ പ്രവർത്തനങ്ങളെ നിരന്തരം വിമർശിക്കുകയും സർക്കാരിനേയും ബഹു. മുഖ്യമന്ത്രിയെയും അവഹേളിക്കുന്ന തരത്തിൽ വിവിധ പോസ്റ്റുകൾ ഷെയർ ചെയ്യുകയും അപ്രകാരം ടിയാന്റെ ഭാഗത്തുനിന്ന് ഗുരുതര കൃത്യവിലോപം ഉണ്ടായതായി വ്യക്തമാവുകയും ചെയ്ത സാഹചര്യത്തിലാണ് ചട്ടം 1 5 പ്രകാരം സസ്പെൻഡ് ചെയ്ത് കുറ്റാരോപണമെമ്മോ നൽകിയിട്ടുള്ളത് എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മുരളീധരൻ പുന്നക്കുഴിയുടെ ഭാഗത്ത് സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം 1 9 6 0 ലെ ചട്ടങ്ങൾ 60 (എ) 60 (ബി) എന്നിവയുടെയും 31.01.2017-ലെ 78/ഉ.ഭ.പ.സി2/2017/ഉഭപവ നമ്പർ സർക്കുലറിന്റെയും ലംഘനമുണ്ടായെന്ന കണ്ടെത്തൽ നിലനിൽക്കുന്നതാണ്. ആയതിനാൽ പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) ഉത്തരവിനെതിരെ ശ്രീ. മുരളീധരൻ പുന്നക്കുഴി സമർപ്പിച്ച അപ്പീൽ അപേക്ഷ ബന്ധപ്പെട്ട ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ആയത് പരിഗണിക്കേണ്ടതില്ല എന്ന് കണ്ട് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. മുരളീധൻ പുന്നക്കുഴി, മുൻ അസിസ്റ്റന്റ് സെക്രട്ടറി, കുറുവ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

4. അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/183/2020/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature valid
Digitally signed by SUDHEER S S
Date: 2020.11.[illegible]5:16:15 IST
Reason: Approved